**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 541** | **11-07-2024 - ൽ മറുപടിയ്ക്ക്**

**പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പാർപ്പിട പദ്ധതി -**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 'ലക്ഷംവീട് പദ്ധതി', 'ഗ്രാമീണ ഭൂരഹിത ഭവന പദ്ധതി' എന്നീ പദ്ധതികൾക്ക് കീഴിൽ 'അനുവാദപത്രിക' എന്ന പേരിൽ രേഖ നൽകി ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറി വരുന്നുണ്ട്. ഇത്തരത്തിലുള്ള ഭൂമി പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വാങ്ങിയതോ പൗരന്മാർ തദ്ദേശ സ്ഥാപനങ്ങൾക്ക് സൗജന്യമായി നല്കിയതോ വിപണി മൂല്യം ഈടാക്കിയോ അല്ലാതെയോ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറി നൽകുന്നതോ ആണ്. പ്രസ്തുത ഭൂമിയിലുള്ളവർക്ക് പട്ടയം നൽകുന്നതിന് ഈ ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയേണ്ടതായിട്ടുണ്ട്. എന്നാൽ നിലവിലുള്ള പഞ്ചായത്ത് രാജ് /നഗരപാലിക നിയമ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം ഭൂമികൾ വിൽക്കാനോ പാട്ടത്തിനു നൽകാനോ മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ ഇത്തരം ഭൂമികൾ വിട്ടൊഴിയുന്നതിന് അധികാരം നൽകുന്ന തരത്തിൽ പഞ്ചായത്ത് രാജ് /നഗരപാലിക നിയമ/ ചട്ടങ്ങളിൽ ഭേദഗതി കൊണ്ട് വരാനും ആയതു നടപ്പാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയമം, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരുടെ ഒരു സമിതി രൂപീകരിക്കുന്നതിനും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.07.2024-ന് ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.<br><br>**രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലെ പട്ടയം** |

കേരള ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് രാജീവ് ദശലക്ഷം പദ്ധതി പ്രകാരം വീട് നിർമ്മിച്ച സ്ഥലത്തിന് പട്ടയം നൽകേണ്ടതുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ടി പദ്ധതി പ്രകാരം വീടുകൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഹൗസിംഗ് ബോർഡിൽ നിന്നും ഭൂമി വിട്ടൊഴിയൽ നടപടികൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലകൾക്ക് ലാന്റ് റവന്യൂ കമ്മീഷണർ കർശന നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ തുടർനടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഇതുവരെ 671 പട്ടയങ്ങൾ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം - 1** ആയി ചേർക്കുന്നു.

**സുനാമി പുനരധിവാസ പദ്ധതി പ്രകരമുള്ള പട്ടയങ്ങളുടെ പുരോഗതി**

**സുനാമി ഹൗസിങ് പ്രോജക്ടിന്റെ ഭാഗമായി സ്വകാര്യ ഭൂമി സർക്കാർ വിലക്ക് വാങ്ങി/ ഏറ്റെടുത്തു അതിൽ വീട് / ഫ്ലാറ്റ് നിർമിച്ചു സുനാമി ബാധിതരെ പുനരധിവസിപ്പിച്ചിട്ടുള്ളതും സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ചു നൽകിയിട്ടുള്ള വീടുകളിൽ സ്ഥിരമായി താമസിക്കുന്ന കുടുംബങ്ങൾക്ക് അർഹത ഉറപ്പാക്കി പട്ടയം നൽകുന്ന പ്രവർത്തിയാണിത്. വ്യക്തിഗത വീടുകളിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകി വരികയാണ്. എന്നാൽ ഇത്തരത്തിൽ പട്ടയം ലഭിച്ചവരിൽ നിന്ന് രജിസ്റ്റർ ചെയ്ത ആധാരം വഴിയല്ലാതെ വസ്തു ലഭിച്ച ചുരുക്കം ചില കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. അത്തരക്കാരുടെ യോഗ്യത പരിശോധിച്ച് ചട്ട പ്രകാരം പട്ടയം നൽകുന്നതാണ്. എന്നാൽ സുനാമി പുനരധിവാസ ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് ഇനിയും പട്ടയം നൽകേണ്ടതായിട്ടുണ്ട്. ഫ്ലാറ്റ് നിൽക്കുന്ന ഭൂമി കൂട്ടവകാശമായി പട്ടയം നൽകുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ 2982 പട്ടയങ്ങൾ സുനാമി പുനരധിവാസ പദ്ധതി പ്രകാരം ലഭിച്ച വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം - 2 ആയി ചേർക്കുന്നു.**

| | | | |
|---|---|---|---|
| | | | <u>**ഫിഷറീസ്, പട്ടിക ജാതി പട്ടിക വർഗ്ഗ തുടങ്ങിയ വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതികൾ**</u><br><br>**ഫിഷറീസ് - പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പുകൾ ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകൾ നിർമ്മിച്ചു നൽകിയ വീടുകളിലെ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി പ്രസ്തുത വകുപ്പുകളുടെ നിരാക്ഷേപ പത്രം മാത്രം മതിയാകും. ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുമായി ഇക്കാര്യത്തിൽ കൂടിയാലോചന നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു SOP തയ്യാറാക്കി തുടർനടപടികൾ വേഗത്തിലാക്കും.** |
| (ബി) | കേരള ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതിയിലെ താമസക്കാർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ; | (ബി) | 12.05.2023-ലെ സ.ഉ. (സാധാ) 1840/2023/റവ പ്രകാരം രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം കേരള ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിച്ചതും ഗുണഭോക്താക്കൾ ദാനാധാരം രജിസ്റ്റർ ചെയ്ത് വാങ്ങാത്തതുമായ ബോർഡു വക ഭൂമി 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ഹൗസിങ് ബോർഡ് വിട്ടൊഴിഞ്ഞ് നൽകുന്ന മുറയ്ക്ക് റവന്യൂ പുറമ്പോക്കിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>രാജീവ് ദശലക്ഷം പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ സ്വീകരിച്ചിട്ടുള്ള വിവരങ്ങൾ **അനുബന്ധം - 3** ആയി ചേർക്കുന്നു. |
| (സി) | സുനാമി ദുരന്തത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നിർമ്മിച്ച വീടുകൾ ഉൾപ്പെടുന്ന റസിഡൻഷ്യൽ പ്ലോട്ടുകളുടെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ; | (സി) | സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് ജില്ലകളിൽ സ്വീകരിച്ച നടപടി വിവരങ്ങൾ **അനുബന്ധം - 4** ആയി ചേർക്കുന്നു. |
| (ഡി) | കോട്ടയം ജില്ലയിലെ പമ്പാവാലി, എയ്ഞ്ചൽവാലി നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ? | (ഡി) | 07.12.2021 ൽ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതല യോഗം ചേരുകയും ഈ യോഗത്തിൽ നിലവിൽ കോട്ടയം ജില്ലയുടെ ഭാഗമായുള്ള പമ്പാവാലി, ഏയ്ഞ്ചൽവാലി പ്രദേശങ്ങളിലെ റീ സർവ്വെ പൂർത്തിയാക്കി ഈ പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തി കരം അടക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഴയ സർവ്വെ നമ്പർ പ്രകാരം പട്ടയം നൽകുന്നതിന് ഭൂമിയിൽ പരിശോധിച്ചതിൽ ടി നമ്പർ പ്രകാരമുള്ള സ്കെച്ചിന് കൃത്യത ഇല്ലെന്നും, ഭൂമിയിലെ അളവുകളുമായി |

| | | | |
|---|---|---|---|
| | | | യോജിക്കുന്നില്ലായെന്നും കണ്ടെത്തി. പഴയ സർവ്വെ നമ്പർ പ്രകാരമുള്ള സ്കെച്ച് അടിസ്ഥാന രേഖയാക്കി നൽകിയ പട്ടയം തിരുത്തേണ്ടതായി കണ്ട സാഹചര്യത്തിൽ നിലവിൽ പമ്പാവാലി - എയ്ഞ്ചൽവാലി പ്രദേശങ്ങൾ ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്തോടുകൂടി റീ സർവ്വെ നടത്തി പുതിയ റീ സർവ്വെ നമ്പർ നൽകി സ്കെച്ച് തയ്യാറാക്കുകയും ഈ റീ സർവ്വെ നമ്പർ പ്രകാരം പട്ടയം അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2016-ൽ പമ്പാവാലി - എയ്ഞ്ചൽവാലി പ്രദേശങ്ങളിൽ അനുവദിച്ച പിശകുള്ള പട്ടയങ്ങൾ റദ്ദ് ചെയ്ത് കൃത്യതയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പുതിയ പട്ടയങ്ങൾ നല്കുന്നതിന് 29.04.2023 ലെ സ. ഉ. (കൈ) നമ്പർ 92/2023/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് നിലവിൽ 1032 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. 500-ഓളം പട്ടയങ്ങൾ കൂടി കൊടുത്തു പൂർത്തീകരിക്കാനുണ്ട്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് 2024-ൽ തന്നെ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നം. | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 68 |
| 2. | കൊല്ലം | 13 |
| 3. | പത്തനംതിട്ട | 85 |
| 4. | കോട്ടയം | 318 |
| 5. | ഇടുക്കി | 44 |
| 6. | എറണാകുളം | 0 |
| 7. | തൃശ്ശൂർ | 0 |
| 8. | പാലക്കാട് | 65 |
| 9. | മലപ്പുറം | 0 |
| 10. | കോഴിക്കോട് | 0 |
| 11. | കണ്ണൂർ | 78 |
| | **ആകെ** | **671** |

**അനുബന്ധം - 2**

| ക്രമ നം. | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 379 |
| 2. | കൊല്ലം | 1257 |
| 3. | ആലപ്പുഴ | 584 |
| 4. | എറണാകുളം | 130 |
| 5. | തൃശ്ശൂർ | 440 |
| 6. | മലപ്പുറം | 0 |
| 7. | കോഴിക്കോട് | 156 |
| 8. | കാസർഗോഡ് | 36 |
| | **ആകെ** | **2982** |

**അനുബന്ധം – 3**

| ക്രമ നം. | ജില്ല | റിമാർക്ക്സ് |
|---|---|---|
| 1 | തിരുവനന്തപുരം | നെയ്യാറ്റിൻകര താലൂക്കിൽ കാരോട് വില്ലേജിൽ 20 ഗുണഭോക്താക്കളും വെള്ളറട വില്ലേജിൽ 48 ഗുണഭോക്താക്കളും ഉണ്ട്. ഹൗസിംഗ് ബോർഡ് വക ഭൂമി റിലിങ്കിഷ് ചെയ്ത് റവന്യൂ ഭൂമി ആക്കി മാറ്റുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ പുരോഗമിച്ചു വരുന്നു. |
| 2 | കൊല്ലം | കൊല്ലം താലൂക്ക് പരിധിയിൽ 10 ഗുണഭോക്താക്കളിൽ 5 പേർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുനലൂർ താലൂക്കിൽ 13 പേർക്ക് പട്ടയം നൽകിയിട്ടുള്ളതും 15 പേർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 3 | പത്തനംതിട്ട | മല്ലപ്പള്ളി താലൂക്കിൽ ആനിക്കാട് വില്ലേജിൽ ടി പദ്ധതി പ്രകാരം 56 പ്ലോട്ടുകളാണുള്ളത്. ഇതിൽ 10 പ്ലോട്ടുകൾ കക്ഷികൾ ആധാരം തീർത്തിട്ടുള്ളതും കരം തീർത്തു വരുന്നതുമാണ്. ബാക്കിയുള്ള 46 പ്ലോട്ടുകളിൽ 33 പ്ലോട്ടുകൾ മാത്രമാണ് KSHB വിട്ടു നൽകിയ അന്നത്തെ അതേ ആളുകളോ അവരുടെ പിൻഗാമികളോ നിലവിൽ താമസിച്ചു വരുന്നത്. 46 കൈവശങ്ങളിൽ 33 തനത് അലോട്ടികൾ ഒഴികെയുള്ള മറ്റ് ആളുകൾക്ക് പട്ടയം നൽകാനുണ്ട്. പട്ടയത്തിനായി ലഭിച്ചിട്ടുള്ള 33 അപേക്ഷകളിൽ 30 പേർക്ക് തിരുവല്ലയിൽ വെച്ച് നടന്ന നവകേരള സദസ്സിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്.<br>അടൂർ താലൂക്കിലെ കടമ്പനാട് വില്ലേജിലെ 33 കൈവശക്കാർക്കും പള്ളിക്കൽ വില്ലേജിൽ 22 പേർക്കും പട്ടയം നൽകിയിട്ടുണ്ട്. |
| 4 | കോട്ടയം | രാജീവ് ദശലക്ഷം പദ്ധതി പ്രകാരം പട്ടയം നൽകിയത് –318<br>ആകെ ഗുണഭോക്താക്കളുടെ എണ്ണം – 502<br>വിവിധ കാരണങ്ങളാൽ കൂടുതൽ പരിശോധന ആവശ്യമായവ – 184 എണ്ണം |
| 5 | ഇടുക്കി | ഇടുക്കി ജില്ലയിൽ ഇടുക്കി ഡിവിഷനു കീഴിൽ കുമളി, വള്ളക്കടവ്, ഉപ്പുതറ, വാഴത്തോപ്പ്, വെള്ളിത്തുവൽ, നെടുങ്കണ്ടം, മറയൂർ എന്നീ 3 ROMHS പദ്ധതികളാണുള്ളത്. മറയൂർ കെ.എസ്.എച്ച്.പി. പദ്ധതി സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ ഭൂമിയായതിനാൽ ടി ഉന്നതിയിലെ 43 കുടുംബങ്ങൾക്ക് 22.02.2024 ൽ നടന്ന പട്ടയമേളയിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്. കുമളി, വള്ളക്കടവ്, ഉപ്പുതറ, വാഴത്തോപ്പ് എന്നിവിടങ്ങളിലെ ഭൂമി വിട്ടൊഴിയൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ടി കൈവശക്കാർക്ക് പതിവ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വെള്ളിത്തുവൽ, നെടുങ്കണ്ടം എന്നീ പദ്ധതികളുടെ റിലിങ്കിഷ്മെന്റ് |

| | | |
|---|---|---|
| | | നടപടികൾ പുരോഗമിച്ചു വരുന്നു. |
| 6 | എറണാകുളം | ടി പദ്ധതിയുമായി ബന്ധപ്പെട്ട് കണയന്നൂർ താലൂക്കിലെ കൈപ്പട്ടൂർ വില്ലേജിലെ 37.39 ആർ സ്ഥലം കെ.എസ്.എച്ച്.ബി ഏറ്റെടുത്തിട്ടുള്ളതും പുറമ്പോക്കാക്കി മാറ്റി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടി താലൂക്കിലെ വാഴക്കാല വില്ലേജിലെ 2.01 ആർ സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. കോതമംഗലം താലൂക്കിൽ പിണ്ടിമന വില്ലേജ്, കുന്നത്തുനാട് താലൂക്കിൽ വേങ്ങൂർ വെസ്റ്റ് എന്നീ വില്ലേജുകളിലെ ഭൂമികൾ ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റിയിട്ടുള്ളതും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| 7 | തൃശ്ശൂർ | ടി പദ്ധതി പ്രകാരമുള്ള തൃശ്ശൂർ താലൂക്കിലെ 51, മുകുന്ദപുരം താലൂക്കിലെ 6, കുന്നംകുളം താലൂക്കിലെ 16 എന്നീ കുടുംബങ്ങൾക്ക് ഭൂമി കെ.എസ്. എച്ച്. ബി. റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞ് നൽകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനായുള്ള നടപടികൾ RDO തൃശ്ശൂർ, RDO ഇരിങ്ങാലക്കുട കാര്യാലയങ്ങൾ മുഖേന സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിച്ചിട്ടുള്ള തൃശ്ശൂർ താലൂക്കിലെ പാണഞ്ചേരി വില്ലേജിലെ നിലവിലെ കൈവശക്കാരായ 44 പേർ പട്ടയം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകരിൽ പട്ടയം നൽകുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 8 | പാലക്കാട് | പാലക്കാട് താലൂക്കിൽ കേരളശ്ശേരി വില്ലേജിൽ 20, എലപ്പുള്ളി 1 വില്ലേജിൽ 45 പേർക്കും പട്ടയം നൽകിയിട്ടുണ്ട്.<br>ചിറ്റൂർ താലൂക്കിൽ കൊടുവായൂർ 2 വില്ലേജ് പരിധിയിൽ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനായി ഭൂമി പുറമ്പോക്കാക്കി മാറ്റുന്നതിനുള്ള സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്.<br>ആലത്തൂർ താലൂക്കിൽ കോട്ടായി വില്ലേജിൽ 2 ഉം, എരിമയൂർ 1 വില്ലേജിലും ലഭിച്ച അപേക്ഷകളിൽമേൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഒറ്റപ്പാലം താലൂക്കിലും മണ്ണാർക്കാട് താലൂക്കിലും ടി പദ്ധതി പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 9 | മലപ്പുറം | മലപ്പുറം ജില്ലയിലെ മമ്പാട്, ചോക്കാട്, തിരുവാലി വില്ലേജുകളിലായി ഉൾപ്പെട്ടു വരുന്ന 48 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിന് ടി ഭൂമി 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ ചട്ട പ്രകാരം റവന്യൂ പുറമ്പോക്കാക്കി പതിച്ചു നൽകുന്നതിനുള്ള നടപടികളാണ് നിലവിൽ നടന്നു വരുന്നത്. |
| 10 | കോഴിക്കോട് | നിലവിൽ ആർക്കും പട്ടയം നൽകിയിട്ടില്ല<br>കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം കെ.എസ്.എച്ച്.ബി |

| | | |
|---|---|---|
| | | കൈമാറിയ അപേക്ഷകളുടെ വിവരം<br>വടകര താലൂക്കിൽ വാണിമേൽ വില്ലേജിൽ 52.78 ആർ ഭൂമിയിൽ 32 പ്ലോട്ടുകൾക്ക് പട്ടയം നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>താമരശ്ശേരി താലൂക്കിൽ പുതുപ്പാടി വില്ലേജിൽ 41 ഗുണഭോക്താക്കൾക്ക് 59.72 ആർ ഭൂമി വിട്ടൊഴിയുന്നതിനുള്ള അപേക്ഷയിലും കോഴിക്കോട് താലൂക്കിലെ ചേളന്നൂർ വില്ലേജിൽ 7 ഗുണഭോക്താക്കൾക്ക് 29.09 ആർ ഭൂമി വിട്ടൊഴിയുന്നതിനുള്ള അപേക്ഷയിലും കോഴിക്കോട് സബ്കളക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| 11 | കണ്ണൂർ | ആകെ ഗുണഭോക്താക്കളുടെ എണ്ണം 96, പട്ടയം അനുവദിച്ചവർ 78, പട്ടയം ലഭിക്കാനുള്ളവർ 18 എണ്ണം. ഇപ്പോൾ ഭൂമി കൈമാറി കൈവശം വച്ച് വരുന്ന ആളുകളുടെ അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- - രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം കേരള ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിച്ചതും ഗുണഭോക്താക്കൾ ദാനാധാരം രജിസ്റ്റർ ചെയ്തു വാങ്ങാത്തതുമായ ബോർഡ് വക ഭൂമി 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ഹൗസിംഗ് ബോർഡ് വിട്ടൊഴിഞ്ഞ് നൽകുന്ന മുറയ്ക്ക് റവന്യൂ പുറമ്പോക്കിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1840/2023/RD തീയതി,തിരുവനന്തപുരം, 12-05-2023

---

പരാമർശം:- 1. 20.05.2009 ലെ സർക്കാർ ഉത്തരവ്(കൈ)നം. 21/2009/ ഭവനം

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/12/2022 ലെ LR/14968/2022-LR(J4) നമ്പർ കത്ത്.

3. 05.05.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 33/2023/ഭവനം

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ കേരള ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയ വീടുകളുടെ തിരിച്ചടവ് പരാമർശം(1) പ്രകാരം ഒഴിവാക്കിയതായും, ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ ദാനാധാരം രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിന് അനുവദിച്ചതായും **എന്നാൽ ആകെയുള്ള 723 ഗുണഭോക്താക്കളിൽ 223 പേർക്ക് മാത്രമേ സ്ഥലം ദാനാധാരം രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളുവെന്നും ബാക്കിയുള്ള 500 ഗുണഭോക്താക്കൾക്ക് ഇനിയും വസ്തുവിന്റെ രേഖ ലഭിച്ചിട്ടില്ലെന്നും ദുർബലവിഭാഗത്തിലും സാമ്പത്തികമായി താഴ്ന്ന നിലയിലും ജീവിക്കുന്ന മേൽ ഗുണഭോക്താക്കൾക്ക് ആധാരം രജിസ്റ്റർ ചെയ്യുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത താങ്ങാൻ കഴിവില്ലാത്തതിനാൽ ദാനാധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ ഫീസ് , സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഇളവുചെയ്യുകയോ അല്ലെങ്കിൽ പ്രസ്തുത ഭൂമിക്ക് ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുകയോ ചെയ്യണമെന്ന് കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു**

2) കേരള ഭവന നിർമ്മാണ ബോർഡ് വക ഭൂമിയിൽ നടപ്പിലാക്കിയ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ ഇനിയും ദാനാധാരം രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താക്കളുടെ കൈവശമുള്ള ബോർഡ് വക ഭൂമി 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം

റവന്യൂ പുറമ്പോക്കിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിരാക്ഷേപപത്രം നൽകുന്നതിന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിക്ക് അനുമതി നൽകി പരാമർശം(3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭവനനിർമ്മാണ ബോർഡ് വക ഭൂമിയിൽ നടപ്പിലാക്കിയ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ ഭവനനിർമ്മാണ ബോർഡുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ വീടുൾപ്പെടുന്ന ഭൂമി ഇതുവരെ സ്വന്തം പേരിൽ ദാനാധാരം രജിസ്റ്റർ ചെയ്തു വാങ്ങിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക്, 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ഭവന നിർമ്മാണ ബോർഡ് ഭൂമി വിട്ടൊഴിഞ്ഞു നൽകുന്ന മുറയ്ക്ക് അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെടുത്തി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പട്ടയം അനുവദിക്കുന്നതിന് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം ഉപയോഗിച്ച് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മേരി ലാലി.സി.വൈ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

സെക്രട്ടറി,കേരളാ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഭവന നിർമ്മാണ (എ)വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറിക്ക്

**അനുബന്ധം – 4**

| ക്രമ നമ്പർ | ജില്ല | റിമാർക്ക്സ് |
|---|---|---|
| 1 | തിരുവനന്തപുരം | സുനാമി ദുരന്തത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ വില്ലേജ് പരിധിയിൽ 255 റസിഡൻഷ്യൽ പ്ലോട്ടുകളാണുള്ളത്. ആയതിൽ 235 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 4 അപേക്ഷകളിൽ നിയമാനുസൃതനടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള 16 കൈവശക്കാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സുനാമി കോളനിയിൽ 31 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളതും ആയതിന് പട്ടയം നൽകിയിട്ടുള്ളതുമാണ്. പേട്ട വില്ലേജ്, ആറ്റിപ്ര വില്ലേജ് എന്നിവിടങ്ങളിൽ യഥാക്രമം 60, 53 പേർക്കും പട്ടയം നൽകിയിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിൽ ടി പദ്ധതി പ്രകാരമുള്ള എല്ലാ കൈവശക്കാർക്കും പട്ടയം നൽകിയിട്ടുണ്ട്. |
| 2 | കൊല്ലം | 1257 കൈവശക്കാർക്ക് പട്ടയം നൽകിയിട്ടുണ്ട് |
| 3 | ആലപ്പുഴ | സുനാമി പുനരധിവസിപ്പിക്കുന്നതിനുള്ള പ്ലോട്ടുകളിലെ കൈവശക്കാരുടെ എണ്ണം 626 ആണ്. ഇതിൽ പട്ടയം ലഭിച്ചിട്ടുള്ളത് 584 കൈവശക്കാർക്കാണ്. |
| 4 | എറണാകുളം | കൊച്ചി താലൂക്കിൽ വിവിധ വില്ലേജുകളിലായി 130 കുടുംബങ്ങളെ മിച്ചഭൂമിയിലും സർക്കാർ വിലയ്ക്ക് വാങ്ങിയ ഭൂമികളിലുമായാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഇവർക്കെല്ലാം പട്ടയം നൽകിയിട്ടുണ്ട്. |
| 5 | തൃശ്ശൂർ | കൊടുങ്ങല്ലൂർ, ചാവക്കാട് താലൂക്കുകളിലായി 655 റസിഡൻഷ്യൽ പ്ലോട്ടുകൾ നിർമ്മിച്ചിട്ടുള്ളതിൽ 440 വീടുകൾക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും ബാക്കിയുള്ള 215 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു |
| 6 | മലപ്പുറം | പൊന്നാനി, തിരൂർ താലൂക്കുകളിലാണ് ഇത്തരം പ്ലോട്ടുകൾ ഉള്ളത്. പൊന്നാനി താലൂക്കിൽ ടി പദ്ധതി പ്രകാരം നിർമ്മിച്ച 40 വീടുകളിൽ 39 വീടുകളിൽ ആൾതാമസം ഉള്ളതും ഒരു വീട് അംഗൻവാടിയായി ഉപയോഗിച്ചു വരുന്നതുമാണ്. ഇവർക്ക് പട്ടയം നൽകുന്നതിനായി പട്ടയഡാഷ്ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. |
| 7 | കോഴിക്കോട് | കോഴിക്കോട് താലൂക്കിൽ ബേപ്പൂർ വില്ലേജിൽ 53, കൊയിലാണ്ടി താലൂക്കിൽ 59, വടകര താലൂക്കിൽ 44 എണ്ണം വീടുകൾക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| 8 | കാസർഗോഡ് | മഞ്ചേശ്വരം താലൂക്കിൽ 36 പേർക്ക് 2 സെന്റ് വീതം ഭൂമിയും ഫ്ലാറ്റും അനുവദിക്കുകയും പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിൽ പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശത്ത് 2016-ൽ 28/09/2015-ലെ സ.ഉ(എം.എസ്) 502/2015/റവ നമ്പർ ഉത്തരവ് പ്രകാരം തയ്യാറാക്കി വിതരണം ചെയ്തതും അല്ലാത്തതുമായ എല്ലാ പട്ടയങ്ങളും അസൈൻമെന്റ് ഓർഡറുകളും റദ്ദ് ചെയ്ത് 12(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് പട്ടയ നടപടി പൂർത്തീകരിച്ച് പുതിയ പട്ടയം നല്കുന്നതിനു അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.92/2023/RD തീയതി,തിരുവനന്തപുരം, 29-04-2023

---

പരാമർശം:-

1. 28/09/2015-ലെ സ.ഉ(എം.എസ്) 502/2015/റവ നമ്പർ ഉത്തരവ്
2. കോട്ടയം ജില്ലാ കളക്ടറുടെ 05/12/2022-ലെ ഡിസികെടി എം/14160/2017/സി5 നമ്പർ കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 13/01/2023,31/01/23 തീയതികളിലെ എൽ.ആർ/260/2023-എൽ.ആർ.ജെ5 നമ്പർ കത്ത്.
4. 21/02/2023-ലെ എം3/4/2023/റവ നമ്പർ സർക്കാർ കത്ത്.
5. കോട്ടയം ജില്ലാ കളക്ടറുടെ 06/03/2023-ലെ ഡിസി കെടി എം/8931/2021-എൽ2 നമ്പർ കത്ത്.
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 24/03/2023-ലെ എൽ.ആർ/260/2023-എൽ.ആർ.ജെ5 നമ്പർ കത്ത്.
7. സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ 18/04/2023-ലെ ബി3/ഡബ്ല്യൂ.പി(സി) നം.2037/2023 നമ്പർ നിയമോപദേശം.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ ഉൾപ്പെടുന്ന പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശത്തെ 01/01/1977-ന് മുമ്പ് കൈവശമുള്ളതും സംയുക്ത പരിശോധന കഴിഞ്ഞതുമായ 502 ഹെക്ടർ ഭൂമി നിലവിൽ കൈവശം വച്ചിരിക്കുന്ന 904 പേർക്ക് 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് പട്ടയം അനുവദിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിലെ 13 മുതൽ 63 വരെയുള്ള സർവ്വേ നമ്പറുകൾ നിലവിൽ കോട്ടയം ജില്ലയിൽ തന്നെ ഉൾപ്പെട്ട് വരുന്നതാണ് എന്നും എന്നാൽ ഇടുക്കി പത്തനംതിട്ട ജില്ലകളിൽ പെട്ടിരുന്നതും പിന്നീട് കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തിയതുമായ 64 മുതൽ 236 വരെയുള്ള സർവേ നമ്പരുകളിൽ പെട്ട ഭൂമി പഴയ സർവ്വെ നമ്പരുകൾക്ക് കൃത്യതയില്ലാത്തതിനാൽ റീ സർവ്വേ പ്രകാരം പട്ടയം നൽകി റീസർവ്വെ

റെക്കോഡ്ഡുകളിൽ പട്ടയ പ്രകാരമുള്ള മാറ്റങ്ങൾ നടത്തി റിക്കാഡ്ഡുകൾ അന്തിമമാക്കിയാൽ മാത്രമേ ഈ കൈവശക്കാർക്ക് റെലിസ് മുഖാന്തിരം കരം അടയ്ക്കാൻ കഴിയൂ എന്നും ടി പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പുതിയ റീസർവേ നടത്തിയിരുന്നതായും പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ കലക്ടർ റിപ്പോർട്ട് ചെയ്യുകയും പുതിയ റീസർവേ നമ്പർ പ്രകാരമുള്ള പട്ടയം അനുവദിക്കുവാൻ അനുമതി ആവശ്യപ്പെടുകയുംചെയ്തിരുന്നു. ആയത് അനുവദിക്കാവുന്നതാണ് എന്നു പരാമർശം (3) പ്രകാരം ലാന്റ് റവന്യു കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

3. ആയതിന്റെ അടിസ്ഥാനത്തിൽ എരുമേലി തെക്ക് വില്ലേജിലെ പമ്പവാലി എയ്ഞ്ചൽ വാലി പ്രദേശങ്ങളിലെ കൈവശക്കാർക്ക് പുതിയ റീസർവേ പ്രകാരം പട്ടയം അനുവദിക്കാവുന്നതാണെന്ന ശുപാർശ സർക്കാർ അംഗീകരിക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ലാന്റ് റവന്യു കമ്മീഷണർക്ക് പരാമർശം (4) പ്രകാരം നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

4. ഇപ്പോൾ നടന്ന സർവേയുടെ അടിസ്ഥാനത്തിൽ, ഇപ്പോൾ കൈവശം വച്ചിരിക്കുന്ന പട്ടയം റദ്ദ് ചെയ്ത് കൃത്യതയുള്ള പട്ടയം നല്കേണ്ടതുള്ളതായും ആയതിന് അനുമതി നല്കിയ സർക്കാർ കത്ത് അപര്യാപ്തമാണെന്നും 2016-ൽ മേൽ ഭൂമിക്ക് അനുവദിച്ച പിശകുള്ള പട്ടയങ്ങൾ റദ്ദ് ചെയ്ത് കൃത്യതയുള്ള പുതിയ പട്ടയങ്ങൾ നല്കുന്നതിന് ഉത്തരവ് നല്കണമെന്നും 2016-ൽ വിതരണം ചെയ്ത 855 പട്ടയങ്ങളും അസൈൻമെന്റ് ഓർഡർ തയ്യാറാക്കിയിട്ടുള്ള കേസുകളും കൈവശക്കാർ മാറിയിട്ടുള്ളതിനാൽ പുതുക്കിയ പട്ടയങ്ങൾ നല്കുമ്പോൾ താഴെപ്പറയുന്ന പ്രശ്നങ്ങൾ കൂടി പരിഹരിക്കേണ്ടതുണ്ടെന്നും പരാമർശം (5) പ്രകാരം ജില്ലാ കളക്ടർ അറിയിച്ചിരുന്നു .

എ) മുൻപിനാലെ പട്ടയം നല്കിയ വ്യക്തിയുടെ കൈവശം ഇരിക്കുന്ന വസ്തു ഇപ്പോൾ ടിയാളുടെ മക്കളുടെ പേരിലോ കൈമാറികിട്ടിയ വ്യക്തിയുടെ പേരിലോ വീതിച്ച് /വിറ്റ് നല്കിയിട്ടുള്ളതും അവർ കൈവശം വച്ച് അനുഭവിക്കുന്നതുമാണ്. നിലവിലുള്ള കൈവശം കണക്കാക്കിയാണ് സർവേ സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഒരു സ്ഥലത്തിന് രണ്ട് പട്ടയം നല്കാൻ സാധിക്കാത്തതിനാൽ ആദ്യ കൈവശക്കാരന്റെ പട്ടയം റദ്ദ് ചെയ്ത് 12(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് ആക്ഷേപം ഉണ്ടെങ്കിൽ അത് പരിഹരിച്ച് നിലവിലെ കൈവശക്കാർക്ക് പുതിയ പട്ടയം നല്കേണ്ടിവരുന്നു.

ബി) കൈവശക്കാരൻ മരണപ്പെട്ട കേസുകളിൽ ടിയാന്റെ മക്കളെല്ലാം തുല്യ അവകാശികളായി വരുന്നതിനാൽ ഇപ്പോൾ കൈവശം വച്ചിരിക്കുന്ന മക്കൾക്ക് മാത്രമായി പട്ടയം നല്കുവാൻ സാധിക്കാതെയും വരും. ആയതിനാൽ ടി പട്ടയം റദ്ദ് ചെയ്താൽ 12(1) പ്രസിദ്ധീകരിച്ച് ആക്ഷേപം ഇല്ലാത്ത പക്ഷം നിലവിലെ കൈവശക്കാരുടെ പേരിലേക്ക് പട്ടയം നല്കാവുന്നതുമാണ്.

മേൽ വിഷയങ്ങൾ പരിഗണനയിലെടുക്കുമ്പോൾ പുതിയ സർവേ നമ്പർ നല്കുന്നതിനു മാത്രമുള്ള അനുമതി കത്താണ് പരാമർശം(4) പ്രകാരം ലഭ്യമാക്കിയിരിക്കുന്നതെന്നും 2016-ൽ 28/09/2015-ലെ സ.ഉ(എം.എസ്) 502/2015/റവ നമ്പർ ഉത്തരവ് പ്രകാരം തയ്യാറാക്കി വിതരണം ചെയ്തതും അല്ലാത്തതുമായ എല്ലാ പട്ടയങ്ങളും അസൈൻമെന്റ് ഓർഡറുകളും റദ്ദ് ചെയ്ത് 12(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് പട്ടയ നടപടി പൂർത്തീകരിച്ച് പുതിയ പട്ടയം നല്കുന്നതിനുള്ള ഉത്തരവ് നല്കണമെന്നും ഇതോടൊപ്പം പട്ടയം റദ്ദ് ചെയ്യുന്നതിനെതിരെ ബഹു ഹൈക്കോടതിയിൽ WP(C) No.2037/2023 നമ്പർ ഹർജി ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതായും

ജില്ലാകളക്ടർ അറിയിച്ചിരുന്നു.

5. 28/09/2015-ലെ സ.ഉ(എം.എസ്)502/2015/റവ നമ്പർ ഉത്തരവ് പ്രകാരം തയ്യാറാക്കി വിതരണം ചെയ്തതും അല്ലാത്തതുമായ എല്ലാ പട്ടയങ്ങളും അസ്സൈൻമെന്റ് ഓർഡറുകളും റദ്ദ് ചെയ്ത് 12(1)നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് നടപടി പൂർത്തീകരിച്ച് പുതിയ പട്ടയം വിതരണം നടത്തുന്നതിന് സർക്കാർ ഉത്തരവ് മുഖേന അനുമതി നല്കണമെന്ന്പരാമർശം (6) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

6. ഡബ്ല്യൂ.പി(സി)2037/2023 ഫയൽ ചെയ്ത കക്ഷിയുടെ പട്ടയങ്ങൾ ഒഴികെ മറ്റ് പട്ടയങ്ങളുടെ കാര്യത്തിൽ, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സർക്കാരിന് സ്വീകരിക്കാമെന്ന് പരാമർശം(7) പ്രകാരം സ്പെഷ്യൽ ഗവ. പ്ലീഡറുടെ നിയമോപദേശം ലഭിച്ചിട്ടുള്ളതാണ്. .

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിൽ പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശത്ത് 2016-ൽ 28/09/2015-ലെ സ.ഉ(എം.എസ്)502/2015/റവ നമ്പർ ഉത്തരവ് പ്രകാരം തയ്യാറാക്കി വിതരണം ചെയ്തതും അല്ലാത്തതും ഡബ്ല്യൂ.പി(സി)2037/2023 ഫയൽ ചെയ്ത കക്ഷിയുടെ പട്ടയങ്ങൾ ഒഴികെയുള്ളതുമായ എല്ലാ പട്ടയങ്ങളും അസൈൻമെന്റ് ഓർഡറുകളും റദ്ദ് ചെയ്ത് 12(1)നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് പട്ടയ നടപടികൾ പൂർത്തീകരിച്ച് പുതിയ പട്ടയം നല്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ഇക്കാര്യത്തിലുള്ള നിയമാനുസൃത നടപടികൾ കോട്ടയം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ജി.രഞ്ജിത് കുമാർ
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖകത്ത് സഹിതം )
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
തഹസിൽദാർ, കാഞ്ഞിരപ്പള്ളി താലൂക്ക്
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു മുഖ്യമന്ത്രിയുടെ പി.എസ്.ന്
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്
അണ്ടർ സെക്രട്ടറിക്ക്